(സി) സെസ്സ് ഉൾപ്പെടെ നികുതികൾ അടയ്ക്കാത്ത തിയേറ്ററുകൾക്ക് ലൈസൻസ്/പെർമിറ്റ് നൽകേണ്ടതില്ല എന്ന വ്യവസ്ഥ 2013-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിന്റ്മെന്റ് ടാക്സ് (ഭേദഗതി) നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിയേറ്റർ ഉടമകൾക്കെതിരെ പ്രോസീക്യൂഷൻ നടപടികൾ കൈക്കൊള്ളാൻ പാടില്ല എന്ന് 21-10-2015-ലെ WA2300/ 2015-ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ താൽക്കാലിക വിധിയും WP(C)34632/15/(D) കേസിൽ 17-11-2015-ലെ വിധിയും നിലവിലുള്ളതിനാൽ മേൽ പ്രസ്താവിച്ച നടപടികൾ തൽക്കാലം കൈക്കൊള്ളാനാവില്ല. ഹൈക്കോടതി മുമ്പാകെയുള്ള മേൽപ്പടി റിട്ട് അപ്പീൽ തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

ഗതാഗത വകുപ്പിന്റെ ശാക്തീകരണം

23 (*173) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനെ ശാക്തീകരിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ക്യാമറകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ അമിത വേഗത, അലക്ഷ്യമായ ഡ്രൈവിംഗ് എന്നിവ കണ്ടുപിടിക്കുന്നതിനായി വിവിധ ഇടങ്ങളിലായി 201 ക്യാമറ സർവൈലൻസ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. ഡ്രൈവിംഗ് ടെസ്റ്റും വാഹന പരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കണ്ണൂരിലെ ഇളവായൂർ,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ചേവായൂർ, തിരുവനന്തപുരം പാറശ്ശാല എന്നീ മൂന്ന് സ്ഥലങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു. മുട്ടത്തറ (തിരുവനന്തപുരം), ആരക്കുഴ (മൂവാറ്റുപുഴ), മോനിപ്പള്ളി (കോട്ടയം) എന്നിവിടങ്ങളിൽ പണി നടന്നുവരുന്നു. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യാർത്ഥം ഫീസ്, ടാക്സ്, പിഴ എന്നിവ ഒടുക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. എട്ട് പുതിയ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ കട്ടനാട്, ഉഴവൂർ, ദേവികുളം, ഉടുമ്പൻഞ്ചോല, ചിറ്റൂർ, നിലമ്പൂർ, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ ആരംഭിച്ചു. കൂടാതെ 461 ജീവനക്കാരുടെ അധിക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

സംസ്ഥാന ജലഗതാഗത വകുപ്പിനു കീഴിലെ പഴയ തടി ബോട്ടുകൾക്ക് പകരം പുതിയ സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കി. പാസഞ്ചർ-കം-ടൂറിസ്റ്റ് കാരിയർബോട്ടുകൾ, ടു വീലർ കം-പാസഞ്ചർ കാരിയർ ബോട്ടുകൾ എന്നീ സർവ്വീസുകൾ ആരംഭിച്ചു. സ്റ്റീൽബോട്ടുകളുടെ റിപ്പയർ കാര്യക്ഷമമാക്കുന്നതിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്ലിപ് വേയും, ഡ്രൈഡോക്കും പണി കഴിപ്പിച്ചു. വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു. ഇന്ത്യയിലെ തന്നെ പ്രഥമ സംരംഭമായ സോളാർ ബോട്ട് നിർമ്മാണം ആരംഭിച്ചു. എ.സി. കാബിനോടുകൂടിയ രണ്ട് ബോട്ട് നിർമ്മാണത്തിന് ഭരണാനുമതി നൽകി.

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയുമാണ്. കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ/വാണിജ്യ ബാങ്കുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം KSRTC-യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി പൊതുമേഖലാ/വാണിജ്യ ബാങ്കുകൾക്ക് നൽകുകയും 10 ബാങ്കുകൾ വായ്പ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. SBT, Lekshmi Vilas Bank (LVB) എന്നീ ബാങ്കുകൾ യഥാക്രമം 200 കോടി, 75 കോടി രൂപ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ ബാദ്ധ്യത ഒടുക്കി തീർക്കുന്നതിലേയ്ക്കായി കെ.ടി.ഡി.എഫ്.സി.-ക്ക് അനുവദിച്ച് നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ കെ.ടി.ഡി.എഫ്.സി.-യിൽനിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുക്കുകവഴി KSRTC-ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ചുവരികയാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി KSRTC കൊറിയർ/പാർസൽ സർവ്വീസുകൾ M/s TRACKON എന്ന സ്ഥാപനവുമായി സഹകരിച്ച് ആരംഭിച്ചുകഴിഞ്ഞു. കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളുമായി KSRTC കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു.

(ബി) പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി വകുപ്പിന്റെ സേവനങ്ങൾ നൽകുക, നിയമലംഘകരെ തെളിവോടെ പിടികൂടുക, നിയമലംഘനങ്ങൾ തടയുക, വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുക എന്നിവയാണ് മോട്ടോർ വാഹന വകുപ്പിന്റെ പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

പൊതുജനങ്ങൾക്ക് സുരക്ഷിതമായതും വേഗതയിലുള്ളതുമായ ജലയാത്ര ഉറപ്പ് വരുത്തുന്നതിലൂടെ വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കാനും ലാഭകരമാക്കാനുമാണ് ലക്ഷ്യമിടുന്നത്. കെ.ടി.ഡി.എഫ്.സി.-യിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും പൊതുമേഖലാ/ വാണിജ്യ ബാങ്കുകളിലേക്ക് പൂർണ്ണമായി മാറ്റി കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വായ്പാ തിരിച്ചടവിൽ ഗണ്യമായ ഇളവ് വരുത്തിയും, ലാഭകരമല്ലാത്ത സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കിയും സമയബന്ധിതമായി പുതിയ ബസ്സുകൾ പുറത്തിറക്കുകയും ചെയ്ത് കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിച്ച് ലാഭകരമാക്കുവാനും ലക്ഷ്യമിടുന്നു.

(സി) മോട്ടോർ വാഹന വകുപ്പിലും സംസ്ഥാന ജലഗതാഗത വകുപ്പിലും നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ സാമ്പത്തിക ഭരണ അനുമതികൾ സമയബന്ധിതമായി നൽകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റുകയും സമയബന്ധിതമായി പുതിയ ബസുകൾ പുറത്തിറക്കുകയും ചെയ്തത് വഴി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ഉയർന്നിട്ടുണ്ട്. അത് 5.50 കോടി രൂപയിൽനിന്നും ശരാശരി 7 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.